**മഹാത്മാഗാന്ധി സർവകലാശാല, കേരളം**

**<u>സംഗ്രഹം</u>**

2025-26 അധ്യയന വർഷത്തെ BBA LL.B വിദ്യാർത്ഥികൾ - രണ്ടാം സെമസ്റ്റർ ഫീസ് അടച്ചതിൽ അധികമായി ഈടാക്കിയ തുക - മൂന്നാം സെമസ്റ്റർ ഫീസിൽ ക്രമീകരിച്ച് നൽകുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 7233/AC A 1/2026/എം.ജി.യു          പ്രിയദർശിനി ഹിൽസ്,തീയതി: 24.07.2026

---

*പരാമർശം:*-1. സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് വകുപ്പ് മേധാവിയുടെ 02.07.2026 തിയതിയായുള്ള കത്ത് നമ്പർ SILT/1/Fees/2024 .

2. 96973/SILT-3/2024/SILT തീയതി 27.01.2026 പ്രകാരമുള്ള ഫീസ് നോട്ടിഫിക്കേഷൻ.

**<u>ഉത്തരവ്</u>**

2025-26 അധ്യയന വർഷത്തിൽ BBA LL.B പ്രോഗ്രാമിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ രണ്ടാം സെമസ്റ്റർ ഫീസ് അടയ്ക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിൽ ഉണ്ടായ പിശകുമൂലം, വിദ്യാർത്ഥികളിൽ നിന്നും,e-Grantz മുഖേന ഫീസ് അടച്ച ഒരു വിദ്യാർത്ഥി ഒഴികെ, 36 വിദ്യാർത്ഥികളിൽ നിന്നും അധികമായി ₹1,355/- (ആയിരത്തി മുന്നൂറ്റി അൻപത്തിഅഞ്ച് രൂപ മാത്രം)വീതം ഫീസ് ഈടാക്കിയതായി SILT വകുപ്പ് മേധാവി പരാമർശം (1) മുഖേന അറിയിച്ചിരുന്നു.

വിഷയം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, **School of Indian Legal Thought-ൽ** 2025-26 അധ്യയന വർഷത്തെ BBA LL.B പ്രോഗ്രാമിൽ പ്രവേശനം നേടിയ, e-Grantz മുഖേന ഫീസ് അടച്ച ഒരു വിദ്യാർത്ഥി ഒഴികെയുള്ള 36 വിദ്യാർത്ഥികൾ രണ്ടാം സെമസ്റ്റർ ഫീസ് ഇനത്തിൽ അധികമായി അടച്ച തുക പ്രത്യേകം തിരികെ നൽകുന്നതിനു പകരം, ഓരോ വിദ്യാർത്ഥിക്കും ബാധകമായ മൂന്നാം സെമസ്റ്റർ ഫീസ് തുകയിൽ, അധികമായി അടച്ച തുക ക്രമീകരിച്ച് നൽകുന്നതിന് രജിസ്ട്രാർ ഉത്തരവായിരിക്കുന്നു .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ലക്ഷ്മി കെ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

Draft #1 of File 62596/AC A1-2/2026/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 23-Jul-2026 05:07 PM - Page 1

1.വകുപ്പമേധാവി SILT
2.വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3.രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ /പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
4.എആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക് )
5.പി.ആർ.ഒ / എൻക്വയറി/ ഐ.ക്യൂ.എ .സി / ഐ.റ്റി.സെൽ / കണ്ടന്റ് മാനേജ്മെന്റ് സെക്ഷനുകൾ / യൂണിവേഴ്സിറ്റി വെബ് സൈറ്റ്
6.ഇന്റേർണൽ ഓഡിറ്റ് 2 സെക്ഷൻ
7.എസിസി I /എസിസി II /ആക്ഷൻ ടേക്കൺ റിപ്പോർട്ട്
8.റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 62596/AC A1-2/2026/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 23-Jul-2026 05:07 PM - Page 2

The document is digitally approved. Hence signature is not needed.